**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 55** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>തടവുകാർ മൊബൈൽ ഫോണുകളും ലഹരിവസ്തുക്കളും ഉപയോഗിച്ചതിൽ അന്വേഷണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. എം. വിൻസെന്റ്

ശ്രീമതി കെ. കെ. രമ

ശ്രീ. വി. ടി. സൂരജ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ വിവിധ ജയിലുകളിൽ തടവുകാർ മൊബൈൽ ഫോണുകളും ലഹരിവസ്തുക്കളും വ്യാപകമായി ഉപയോഗിച്ചിരുന്നുവെന്ന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ഗൗരവത്തോടെ കാണുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2021-26 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കഴിയുന്ന തടവുകാരിൽ നിന്നും അവർ കഴിയുന്ന സെല്ലുകളിൽ നിന്നും മൊബൈൽ ഫോണുകളും സിമ്മുകളും കണ്ടെത്തിയതുമായി ബന്ധപ്പെട്ട് 169 പോലീസ് കേസുകളും ലഹരിവസ്തുക്കൾ കണ്ടെത്തിയ തുമായി ബന്ധപ്പെട്ട് 63 പോലീസ് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കേസുകൾ ഗൗരവ ത്തോടെ കണ്ട്, ഇവയിൽ ഉൾപ്പെട്ട അന്തേവാസികളുടെ ഇന്റർവ്യൂ (അന്തേവാസികളും ബന്ധുക്കളും തമ്മിലുള്ള കൂടിക്കാഴ്ച)/ ടെലഫോൺ/ കാന്റീൻ സൗകര്യ ങ്ങൾ നിശ്ചിത കാലയളവിലേയ്ക്ക് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ അതത് ജയിൽ സ്ഥാപന മേധാവികൾ സ്വീകരിച്ചു വരുന്നുണ്ട്.

**(ബി)** സംസ്ഥാനത്തെ വിവിധ ജയിലുകളിൽ തടവുകാർ മൊബൈൽ ഫോണുകളും ലഹരിവസ്തുക്കളും ഉപയോഗിക്കുന്നത് തടയുന്നതിനായി ജാമറുകളും ഡ്രോൺ നിരീക്ഷണ സംവിധാനങ്ങളും ഉൾപ്പെടെ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**(സി)** മുൻ സർക്കാരിന്റെ കാലയളവിൽ രാഷ്ട്രീയ കൊലപാതക കേസുകളിലെ പ്രതികൾ ഉൾപ്പെടെയുള്ളവർക്ക് അനധികൃത പരോളുകൾ അനുവദിച്ചതിലും ജയിലിനുള്ളിൽ മൊബൈൽ ഫോണുകളും ലഹരിവസ്തുക്കളും ഉപയോഗിക്കുന്നതിന് അവസരം നൽകിയതുമായ സംഭവങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ജയിൽ വകുപ്പിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ കൊലപാതക കേസുകളിലെ പ്രതികൾ ഉൾപ്പെടെയുള്ളവർക്ക് അനധികൃത പരോളുകൾ സംബന്ധിച്ച് പരാതികൾ

ഉണ്ടായിട്ടുണ്ട്. വകുപ്പ് അവധി നിഷേധിച്ച ചില അവധി അപേക്ഷകളിന്മേൽ അന്തേവാസികൾ ബഹു. കോടതിയെ സമീപിക്കുകയും ബഹു. കോടതിയുടെ ഉത്തരവ് പ്രകാരം അവധി അനുവദിച്ചുത്തരവായിട്ടുള്ളതുമാണ്.

ജയിലിനുള്ളിൽ അന്തേവാസികൾ മൊബൈൽ ഫോണുകളും ലഹരി വസ്തുക്കളും ഉപയോഗിച്ച സംഭവവുമായി ബന്ധപ്പെട്ട് 14 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**